<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3961</u> <u>15-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ഭൂമി സംഭാവന നൽകിയവർക്ക് അങ്കണവാടികളിൽ നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി സംഭാവന നൽകിയവർക്ക് അങ്കണവാടിയിൽ വർക്കർ, ഹെൽപ്പർ തസ്തികകളിലേക്ക് നിയമനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | (എ) അങ്കണവാടികൾക്കു കെട്ടിട നിർമ്മാണത്തിന് സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള/ നൽകുന്ന അങ്കണവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ അവരുടെ ആശ്രിതർക്കോ (അമ്മ/ഭാര്യ/മകൾ/ സഹോദരി/മരുമകൾ (മകന്റെ ഭാര്യ)), അങ്കണവാടി ജീവനക്കാരല്ലായെങ്കിൽ ആ വ്യക്തിക്കോ (വനിതയാണെങ്കിൽ) അല്ലെങ്കിൽ അവരുടെ ഒരു ആശ്രിതയ്ക്കോ (അമ്മ/ഭാര്യ/മകൾ/സഹോദരി/ മരുമകൾ (മകന്റെ ഭാര്യ)) നിലവിലുള്ള യോഗ്യതാമാനദണ്ഡങ്ങൾ അനുസരിച്ച് അങ്കണവാടി പ്രവർത്തകരായി നിയമനം നൽകുന്നു. എസ്. എസ്. എൽ. സി ജയിച്ച 18നും 46 നും മദ്ധ്യേ പ്രായമുള്ളവർ അങ്കണവാടി വർക്കറായും എസ്. എസ്. എൽ. സി വിജയിക്കാത്ത എഴുതാനും വായിക്കാനും അറിയാവുന്ന 18നും 46 നും മദ്ധ്യേ പ്രായമുള്ളവർ അങ്കണവാടി ഹെൽപ്പറായും നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരാണ്. പ്രായപരിധിയിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് 3 വർഷത്തെ ഇളവുണ്ട്. അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഭൂമി സൗജന്യമായി വിട്ടു നൽകിയവർ ടി സ്ഥലം വകുപ്പിന്റെ/സർക്കാരിന്റെ/പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ബാദ്ധ്യതാരഹിത രേഖകളും വില്ലേജിലെ രേഖപ്പെടുത്തലുകൾ വരുത്തിയതായുള്ള സാക്ഷ്യപത്രവും സഹിതം ആശ്രിതനിയമനത്തിനായി ശിശുവികസന പദ്ധതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ, വിട്ടു നൽകിയ ഭൂമി അങ്കണവാടി കെട്ടിടം പണിയുന്നതിന് അനുയോജ്യമാണോ എന്ന് സി. ഡി. പി. ഒ പരിശോധിച്ച് ടി അപേക്ഷ തീയതി പ്രാബല്യത്തിലാണ് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നത്. അപ്രകാരം സ്ഥലം വിട്ടുനൽകിയവരുടെ ലിസ്റ്റ് ക്രമപ്പെടുത്തി നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കും |

| | | | |
|---|---|---|---|
| | | | വിധേയമായാണ് നിയമനം നടത്തുന്നത്. ഒരു പ്രൊജക്റ്റിൽ വരുന്ന ഒഴിവിന്റെ പത്ത് ശതമാനമാണ് അങ്കണവാടി നിർമ്മാണത്തിന് സൗജന്യമായി ഭൂമി വിട്ടുനൽകിയവരുടെ ആശ്രിതർക്കുള്ള നിയമനത്തിനായി നീക്കിവെച്ചിട്ടുള്ളത്. 30/04/2018-ന് ശേഷം പ്രൊജക്റ്റ് തലത്തിൽ ഉണ്ടായ ഒഴിവുകളിൽ വർക്കറുടെയും/ഹെൽപ്പറുടെയും ഓരോ പത്താമത്തെ ഒഴിവും അങ്കണവാടി നിർമ്മാണത്തിന് ഭൂമി നൽകിയ അപേക്ഷകർ ഉള്ള പക്ഷം ടി വിഭാഗത്തിൽ നിന്നും ഒരാൾക്ക് നൽകി ക്രമപ്പെടുത്തുന്നു. |
| (ബി) | ചവറ ഐ.സി.ഡി.എസ്. പരിധിയിൽ 2022 മാർച്ച് വരെ ഭൂമി സംഭാവന നൽകിയവരിൽ എത്ര പേർ അങ്കണവാടികളിലേക്ക് ജോലിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | (ബി)ചവറ ഐ.സി.ഡി.എസ്. പരിധിയിൽ 2022 മാർച്ച് വരെ ഭൂമി സംഭാവന നൽകിയവരിൽ 13 പേരും അങ്കണവാടികളിലേക്ക് ജോലിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിൽ ഒരാൾക്ക് അങ്കണവാടി പ്രവർത്തകയായി നിയമനം നൽകിയിട്ടുണ്ട്. |
| (സി) | അങ്കണവാടികളിൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | (സി) സെലക്ഷൻ ലിസ്റ്റ് നിലവിലില്ലാത്ത പഞ്ചായത്ത്/പ്രോജക്റ്റുകളിൽ അങ്കണവാടി വർക്കർ/ഹെൽപ്പർ ഒഴിവുകളിലേക്ക് താൽക്കാലികമായി നിയമനം നടത്തുന്നതിന് നിയമനാധികാരികളായ ശിശുവികസന പദ്ധതി ഓഫീസർമാർ താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നു.<br><br>(1) അങ്കണവാടി വർക്കർമാരായി നിയോഗിക്കുന്നവർ എസ്. എസ്. എൽ. സി ജയിച്ചവരും 18നും 46നും മദ്ധ്യേ പ്രായമുള്ളവരും ആയിരിക്കണം. പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗക്കാർക്ക് 3 വർഷത്തെ ഇളവുണ്ട്.<br><br>(2) അങ്കണവാടി ഹെൽപ്പർമാരായി നിയോഗിക്കുന്നവർ 18നും 46നും മദ്ധ്യേ പ്രായമുള്ളവരും എഴുതാനും വായിക്കാനും അറിയാവുന്നവരുമായിരിക്കണം എന്നാൽ എസ്. എസ്. എൽ. സി ജയിച്ചവരായിരിക്കരുത്. പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗക്കാർക്ക് 3 വർഷത്തെ ഇളവുണ്ട്.<br><br>(3) മേൽപ്പറഞ്ഞ രീതിയിൽ അങ്കണവാടി വർക്കർ/ഹെൽപ്പർമാരായി നിയോഗിക്കുന്നവർ അങ്കണവാടി സെന്റർ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ സ്ഥിരതാമസക്കാരായ വനിതകൾ ആയിരിക്കണം.<br><br>(4) നിർദിഷ്ട യോഗ്യതയുള്ളവർ അതേ വാർഡിൽ ഇല്ലായെങ്കിൽ അങ്കണവാടി സെന്റർ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസക്കാരായ വനിതകളെ |

പരിഗണിക്കാവുന്നതാണ്. അർബൻ പ്രൊജക്ടുകളിൽ പരിഗണിക്കുന്നവർ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഏരിയായിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരായിരിക്കണം.

(5) സേവന തൽപരതും മതിയായ ശാരീരികശേഷിയുള്ളവരും പ്രാദേശികമായി സ്വീകാര്യതയുള്ളവരുമായിരിക്കണം.

(6) മുൻപരിചയമുള്ളവർ, പ്രായക്കൂടുതലുള്ളവർ, വിധവകൾ എന്നിവർക്ക് മുൻഗണന നൽകുന്നു.

(7) മുകളിൽ പരാമർശിച്ച യോഗ്യതയുള്ളവരെ വാർഡ് മെമ്പർ ചെയർമാനായിട്ടുള്ള അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി (A.L.M.S.C) തെരഞ്ഞെടുക്കേണ്ടതും അവരെ താൽക്കാലികമായി നിയോഗിക്കുന്നതിനായി സി. ഡി. പി. ഒയ്ക്ക് ശിപാർശ നൽകേണ്ടതുമാണ്.

(8) കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ താൽക്കാലിക നിയമനം നടത്തുന്നു. ഇപ്രകാരം നിയോഗിക്കപ്പെടുന്നവരുടെ സേവനകാലാവധി പരമാവധി 6 മാസം മാത്രമായിരിക്കും.

(9) ആറുമാസക്കാലയളവിലേക്ക് നിയോഗിച്ച ഒരു വ്യക്തിയെ തുടർന്ന് ആറ് മാസം ഇടവേള നൽകിയതിനുശേഷം മാത്രമേ പുനർനിയമനത്തിന് പരിഗണിക്കുയുള്ളു.

(10) താൽക്കാലികമായി നിയോഗിച്ചവർക്ക് അവർ ജോലി ചെയ്ത കാലയളവിലെ ദിവസവേതന ഓണറേറിയത്തിനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളു. മറ്റാനുകൂല്യങ്ങൾക്കൊന്നും അവകാശം ഉണ്ടായിരിക്കുന്നതല്ല.

(11) താൽക്കാലികമായി ജോലി ചെയ്തു എന്നതുകൊണ്ടു മാത്രം നിലവിലെ ഉത്തരവുകളും മാർഗനിർദേശങ്ങളും പ്രകാരം സ്ഥിരപ്പെടുത്തുന്നതിന് സാധിക്കുകയില്ല.

(12) എസ്.സി/എസ്. റ്റി കോളനികളിലെയും അവർ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിലെ അങ്കണവാടികളിലെയും നിയമനത്തിന് യോഗ്യരായ അപേക്ഷകർ അതേ സമുദായത്തിൽ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ